# പുനശ്ച

## എം. പ്രഭാകരൻ

'നീലാകാശെർ നീചേ' തുടങ്ങിയ ചിത്രങ്ങൾ നിർമിച്ച ബംഗാളിലെ പ്രസിദ്ധ ചലച്ചിത്ര സംവിധായകന്മാരിലൊരാളായ മൃണാൾ സെന്നിന്റെ ഈ പുതിയ ചിത്രം ഒരു സാധാരണ 'വർക്കിങ് ഗേളി'ന്റെ ജീവിതത്തെ അധികരിച്ച് നിർമിച്ചതാണ്. ഇതിന് മുൻപ് ഇത്തരം കഥകൾ ചലച്ചിത്രങ്ങളിൽ കൈകാര്യം ചെയ്തിട്ടുണ്ടെങ്കിലും അവയിൽ നിന്നെല്ലാം തികച്ചും നൂതനവും വ്യത്യസ്തവുമായ ഒരു സൃഷ്ടിയെന്ന നിലയ്ക്ക് ഈ ചിത്രം അനുഭവപ്പെടുവാനുള്ള പ്രധാനകാരണം തുടക്കം മുതലവസാനം വരെയുള്ള ലളിതവും സത്യസന്ധവുമായ ചിത്രീകരണപാടവം തന്നെ. നാടകീയത ഒരിടത്തും നിഴലിക്കുന്നില്ലെന്നുള്ളത് മറ്റൊരു കാര്യം. കൽക്കത്തയെപോലെയുള്ള ഒരു വലിയ നഗരത്തിലെ വൈവിധ്യം നിറഞ്ഞ ജീവിതവുമായി പലതരത്തിലും ബന്ധപ്പെട്ടവർക്കെല്ലാം തന്നെ 'പുനശ്ച'യിൽ പ്രതിഫലിക്കുന്ന ഉദ്യോഗം നോക്കുന്ന പെൺകിടാവിന്റെ ജീവിതവും ചുറ്റുപാടുകളും തികച്ചും യഥാതഥമായി തോന്നാതിരിക്കില്ല.



ശേഫാലി ബാനർജി, കണികാ മജുംദാർ

**കഥ**

പ്രേമബദ്ധരായ രണ്ടു യുവതീയുവാക്കന്മാരാണ് വാസന്തിയും സുബോധും. നഗരത്തിന്റെ ഏകാന്തശാന്തമായ കോണുകളിൽ അവർ ഏതാണ്ടെല്ലാ ദിവസവും ഒത്തുചേരും. പഠിപ്പുണ്ടെങ്കിലും ജോലിയില്ലാത്തവളാണ് വാസന്തി. ജോലിയുണ്ടെങ്കിലും വേണ്ടത്ര വരുമാനമില്ലാത്തവനാണ് സുബോധ്. അയാളുടെ വരുമാനംകൊണ്ട് ഒരു കുടുംബം കെട്ടിപ്പടുക്കുവാൻ കഴിയുകയില്ലെന്ന ഭയമാണ് അവരുടെ വിവാഹത്തിന് വലിയ പ്രതിബന്ധം. ഇതിന്നൊരേയൊരു വഴി വാസന്തിക്കൊരു ഉദ്യോഗം ലഭിക്കലാണ്. പതിവുപോലെ ഒരുദിവസം സന്ധ്യയ്ക്കു ഹൂഗ്ലിയുടെ തീരത്ത് അവർ ഒത്തുചേർന്നപ്പോൾ സുബോധ് ഈ വിവരം അവളോടു പറയുന്നു. ഇതോടുകൂടിയാണ് കഥ തുടങ്ങുന്നത്. അങ്ങനെ ഒരു ദിവസം നഗരത്തിലെ വലിയ ഒരു കമ്പനിയിലവൾക്കു ഇരുന്നൂറ്റി അമ്പതു റുപ്പിക ശമ്പളത്തിലൊരു സ്റ്റെനോഗ്രാഫറുടെ ജോലി ലഭിക്കുന്നു. കുടുംബത്തിന്റെ പാരമ്പര്യവും സാധാരണ ഓഫീസുകളിൽ ജോലി നോക്കുന്ന പെൺകുട്ടികളുടെ വിഷമതകളും അറിയുന്ന അവളുടെ അച്ഛൻ ഇക്കാര്യത്തിൽ ആദ്യം അത്ര അനുകൂലിച്ചില്ല. എങ്കിലും അയാൾക്കു സ്വയം അനുകൂലിക്കേണ്ടതായി വരികയാണ്. താനാണെങ്കിൽ അടുത്ത് ഉദ്യോഗത്തിൽനിന്ന് പിരിയും. വിവാഹിതനായ മകനെ കമ്പനിയിൽ നടന്ന പണിമുടക്കിനു നേതൃത്വം കൊടുത്ത കാരണത്താൽ ഉദ്യോഗത്തിൽനിന്ന് പിരിച്ചയച്ചിരിക്കുകയാണ്. ആകപ്പാടെ കുടുംബത്തിന്റെ ഭാവി അപകടത്തിലായിട്ടാണ് അയാൾ കണ്ടത്. കാര്യം അങ്ങനെതന്നെയാണ് കലാശിച്ചതും. അച്ഛൻ ഉദ്യോഗത്തിൽനിന്ന് പിരിഞ്ഞപ്പോൾ കുടുംബഭാരം വാസന്തിയുടെ ചുമലിൽ വീണു.

നല്ലവനായ ഒരു ഓഫീസറുടെ കീഴിലാണ് അവൾക്ക് ജോലി ലഭിച്ചത്. സുന്ദരിയായ വാസന്തിയുടെ സൗമ്യതയും ശാലീനതയും കലർന്ന പെരുമാററം അയാൾക്കു വളരെ പിടിച്ചു. അയാൾക്കൊരു ദുഃഖകരമായ പശ്ചാത്തലമുണ്ട്. വിവാഹം കഴിഞ്ഞ് അധികകാലം കഴിയുന്നതിനുമുൻപ് ഒരു ആൺകുട്ടിയേയും തന്നിലേല്പിച്ച ഭാര്യ മരിച്ചുപോയി. അയാൾ ഇന്ന് വാത്സല്യനിധിയായ ഒരച്ഛൻ മാത്രമാണ്.

ഉദ്യോഗം ലഭിച്ചതിനുശേഷവും ആപ്പീസ് വിട്ടാൽ വാസന്തിയും സുബോധും നിത്യേന കണ്ടുമുട്ടും. അടുത്ത ഭാവിയിൽ തങ്ങൾ കെട്ടിപ്പടുക്കാൻ പോകുന്ന വൈവാഹികജീവിതത്തിന്റെ മധുരക്കിനാവുകളിൽ നീന്തിക്കളിച്ചുംകൊണ്ട് നിരവധി സായാഹ്നങ്ങൾ അവർ ഒന്നിച്ചു ചിലവഴിച്ചു. എന്നാൽ.

വാസന്തിയുടെ കുടുംബസ്ഥിതി അവരുടെ വിവാഹം ഇന്ന് ഏതാണ്ടൊരു വിദൂരസ്വപ്നമാക്കി മാറ്റിയിരിക്കയാണ്. സുബോധ് ഒരുദിവസം അവളോട് തുറന്നുപറയുക തന്നെ ചെയ്തു. അച്ഛനമ്മമാർ അവരുടെ ഗുണത്തിനുവേണ്ടി അവളെ ഉപയോഗിക്കുകയാണെന്ന അയാളുടെ അഭിപ്രായം കുടുംബസ്നേഹിയായ ആ പെൺകുട്ടിക്ക് അത്ര രസിച്ചില്ല. അങ്ങനെയാണെങ്കിൽ തന്റെ അച്ഛന് ഇഷ്ടമില്ലാഞ്ഞിട്ടും തന്നെ ഉദ്യോഗത്തിലേക്ക് വലിച്ചിഴച്ച സുബോധിന്റെ ഉദ്ദേശത്തെയും അവൾ ചോദ്യം ചെയ്യുന്നു. ഈ അഭിപ്രായവ്യത്യാസം അവർ തമ്മിൽ ഒരകൽച്ചയ്ക്കു വഴി തെളിയിച്ചു. കുറച്ചുദിവസത്തിനുള്ളിൽ അയാൾ മദ്ധ്യഭാരതത്തിൽ എവിടെയോ ഒരു കൽക്കരിഖനിസ്ഥലത്തു ലഭിച്ച നല്ലൊരു ജോലിയുമായി കൽക്കത്ത വിടുന്നു.

വാസന്തിയുടെ വീട്ടിലാണെങ്കിൽ ഉദ്യോഗമില്ലാത്ത ജ്യേഷ്ഠനും അച്ഛനും തമ്മിൽ സദാസമയവും വഴക്കാണ്. ഇതിനിടയിൽ വേദന വിഴുങ്ങി കഴിയുന്ന സാധുവായ ജ്യേഷ്ഠത്തി അമ്മയ്ക്ക് അവളെ ജീവനാണ്. എല്ലാ രഹസ്യങ്ങളും അവൾ അവരോടു തുറന്നു പറയും. വീട്ടിലെ അന്തരീക്ഷം ചില സമയങ്ങളിൽ ചൂടുപിടിക്കുമ്പോൾ നിസ്സഹായയായ ആ സ്ത്രീ പഠിപ്പുണ്ടായിരുന്നുവെങ്കിൽ താനും വല്ല ജോലിയും നോക്കിയിരുന്നേനെയെന്ന വളോടു പറയും. ആയിടയ്ക്കാണ് അവളുടെ ജ്യേഷ്ഠന് കൽക്കത്തയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ ഒരദ്ധ്യാപകന്റെ ജോലി ലഭിക്കുന്നത്. ഭാര്യയേയും കൂട്ടി അയാൾ അങ്ങോട്ടു പോകുന്നു.

സുബോധ് കൽക്കത്ത വിട്ടതിനുശേഷം ആപ്പീസും വീടുമായി അവൾ കുറച്ചുദിവസം കഴിഞ്ഞു. അധികരിച്ച ജോലിയുള്ള ദിവസങ്ങളിൽ ഓഫീസർ തന്റെ കാറിൽ അവളെ വീട്ടിൽ കൊണ്ടുചെന്നാക്കും. ചിലപ്പോഴെല്ലാം അവൾ അയാളുടെ കൊച്ചുമകനെ കാണാനായി വീട്ടിലൊന്നു കയറിയെന്നും വരും. അങ്ങനെ ദിവസങ്ങൾ നീങ്ങി.

സുന്ദരിയും അവിവാഹിതയുമായ വാസന്തിയുടെ സാഹചര്യത്തിൽ യുവാവും കോമളനുമായ ഓഫീസറുടെ ഹൃദയം അയാളറിയാതെ തന്നെ അനാശാസ്യമായ ഒരഭിലാഷത്തിന്റെ പിടിയിലേക്കു മെല്ലെ മെല്ലെ വഴുതി വീഴുകയായിരുന്നു. എങ്കിലും വിവേകിയായ ആ നല്ല മനുഷ്യൻ ഒരിക്കലും പതറിയില്ല. അവളാണെങ്കിൽ തികഞ്ഞ പാകതയോടെയാണ് പെരുമാറിയതും. ഉദ്യോഗം ലഭിച്ചിട്ടേതാണ്ട് ഒരു കൊല്ലം തികയാറായി. അന്യോന്യമുള്ള ആദരവിലും സ്നേഹത്തിലും പടുത്തുയർത്തിയ സൗഹൃദത്തിന്റെ തണലിലിരുന്നുകൊണ്ട് ആ പെൺകുട്ടിയുടെ മാനസികവ്യാപാരങ്ങളൊന്നുമറിയാത്ത, അയാൾ ഒരു ദിവസം അവളെ തന്റെ ജീവിതത്തിലേക്ക് എന്നെന്നേയ്ക്കുമായി ക്ഷണിച്ചു. അവൾ അയാളിൽനിന്ന് ഒരിക്കൽ അത്തരത്തിലൊരു ക്ഷണം പ്രതീക്ഷിച്ചതായിരുന്നു.

അടുത്തദിവസം ജോലി രാജിവെച്ച വാസന്തിയെ എത്ര നിർബന്ധിച്ചിട്ടും അയാൾക്ക് അവളെ അതിൽനിന്ന് പിൻവലിപ്പിക്കാൻ കഴിഞ്ഞില്ല. കുടുംബത്തെയോർത്തെങ്കിലും അവൾ അത് ചെയ്യരുതെന്ന് അയാളപേക്ഷിച്ചു. തന്നെ തെറ്റിദ്ധരിച്ച സുബോധിന് അവൾ എല്ലാ വിവരത്തിനും ഒരു കത്തെഴുതി, അവൾ ജ്യേഷ്ഠന്റെ അടുക്കലേക്ക് പോവുകയാണെന്നും അങ്ങോട്ട് ഉടനെ വരണമെന്നും അയാൾക്കെഴുതി. പ്രേമനിർഭരങ്ങളായ ആ രണ്ടു യുവഹൃദയങ്ങൾ വീണ്ടും കണ്ടുമുട്ടി. നിറഞ്ഞൊഴുകിയ അവളുടെ നീലമിഴികളിലേക്ക് നോക്കി താൻ ഇത്തരത്തിലൊരു തെറ്റ് ഇനിയൊരിക്കലും ചെയ്യുകയില്ലെന്ന് അയാൾ പറയുന്നതോടെ കഥയവസാനിക്കുന്നു. ഇന്ന് അവൾക്ക് ജോലിയില്ല. കഥ തുടങ്ങിയേടത്തു തന്നെ ചെന്നവസാനിച്ചു. അവർ അടുത്തു വിവാഹിതരാവുമായിരിക്കും!

ഒരു നല്ല കൃതിയാണെങ്കിലും ഇതിവൃത്തത്തിനു വേണ്ടത്ര പുതുമയുണ്ടെന്നൊന്നും പറയാൻ വയ്യ. ഷീസ ബർമന്റെ ഈ കഥ കൈകാര്യം ചെയ്ത മൃണാൾ സെന്നന്റെ സംവിധാനവൈദഗ്ദ്ധ്യം ചിത്രത്തിൽ തെളിഞ്ഞു കാണുന്നുണ്ട്. ഒരു സാധാരണകുടുംബവും അതിനോട് ബന്ധപ്പെട്ട മനുഷ്യരുടെ മാനസികവ്യാപാരങ്ങളും അനാവശ്യമായ ചായക്കൂട്ടുകൾക്കൊന്നും കൈനീട്ടാതെ വരച്ചുകാട്ടിയതിലെ ഒതുക്കവും പാകതയുമാണ് ശ്രദ്ധിക്കേണ്ടത്.

**അഭിനയം**

അടുത്ത കാലത്തു പുറത്തുവന്ന സത്യജിത്ത് റേയുടെ 'തീൻ കന്യ' എന്ന ചിത്രസമാഹാരത്തിലെ 'മണിഹാര' എന്ന പടത്തിൽ കൂടി ആദ്യമായി സിനിമാരംഗത്തുവന്ന കണിക മജുംദാരാണ് ഇതിലെ വാസന്തിയുടെ ഭാഗം അഭിനയിക്കുന്നത്. വിനയവും പാകതയുമുള്ള ഒരു ടൈപ്പിസ്റ്റ്, അനുസരണവും കുടുംബസ്നേഹവുമുള്ള ഒരു പുത്രി, ലാളിത്യവും ശാലീനതയും തുളുമ്പുന്ന ലജ്ജാസുന്ദരിയായ ഒരു കാമുകി, എന്നിങ്ങനെയുള്ള കഥാപാത്രത്തിന്റെ വിവിധവശങ്ങൾ അനായാസേന ആവിഷ്കരിക്കുന്നതിൽ വലിയ അഭിനയ പാരമ്പര്യമൊന്നുമില്ലാത്ത ഈ നടി അഭിനന്ദനീയമാംവണ്ണം വിജയിച്ചിട്ടുണ്ട്. സുബോധിന്റെ ഭാഗമെടുത്ത സൗമിത്രാചാററർജി ഇനിയും കുറച്ചൊക്കെ നന്നാവേണ്ടതാണെന്ന ഒരു തോന്നൽ ചില സന്ദർഭങ്ങളിൽ ഉണ്ടായിപ്പോകുന്നു. തന്റെ സിനിമാരംഗത്തെ ദീർഘകാലത്തെ അഭിനയചാതുര്യം കൊണ്ടു നേടിയ പ്രശസ്തി അനുയോജ്യമായവിധം പഹരി സന്യാൽ അച്ഛന്റെ ഭാഗം കൈകാര്യം ചെയ്തിട്ടുണ്ട്. ബംഗാളിലെ കഴിവുറ്റ നടന്മാരിലൊരാളായ കാളി ബാനർജിക്ക് ജ്യേഷ്ഠന്റെ ഭാഗത്ത് അധികമൊന്നും ചെയ്യാനില്ല. ജ്യേഷ്ഠത്തി അമ്മയുടെ ഭാഗമെടുത്ത സെഫാലി ബാനർജിയും അമ്മയായി അഭിനയിച്ച സതിദേവിയും അതാതു കഥാപാത്രങ്ങളോട് നീതി കാണിച്ചിട്ടുണ്ട്. ഇതിലെ ഒരു നല്ല കഥാപാത്രമാണ് ഓഫീസർ. കൽക്കത്തയിലെ പ്രശസ്തമായ ഒരു കോളേജിലെ പ്രൊഫസറായ എൻ. വിശ്വനാഥനാണ് ആ ഭാഗം അഭിനയിക്കുന്നത്. ഒരു ബംഗാളി ചിത്രത്തിൽ ആദ്യമായിട്ടാണ് അതും ഇത്രയും പ്രധാനപ്പെട്ട ഒരു ഭാഗത്ത്, ഒരു തെക്കെ ഇന്ത്യക്കാരൻ പ്രത്യക്ഷപ്പെടുന്നത്. ബംഗാളി നല്ലവണ്ണം സംസാരിക്കാനറിയാവുന്ന വിശ്വനാഥൻ, ബംഗാളിലെ നിരൂപകന്മാർ അഭിപ്രായപ്പെട്ടതുപോലെ, ഓഫീസറുടെ ഭാഗം, ഒരുപക്ഷേ ഇതിനുമുൻപ് ഒരു ചിത്രത്തിലും കണ്ടിട്ടില്ലാത്ത വിധം അന്തസ്സോടെ കൈകാര്യം ചെയ്തിട്ടുണ്ട്. ഓഫീസറുടെ കുസൃതിക്കുടുക്കയായ കൊച്ചുമകന്റെ ഭാഗമെടുത്ത മാസ്ററർ കുനാൽ ബാസുവിന്റെ ഓമനത്തം വഴിയുന്ന രംഗങ്ങൾ പ്രേക്ഷകരുടെ സ്മരണയിൽനിന്ന് അത്രവേഗം മാഞ്ഞുപോകാത്തവയാണ്.

ക്യാമറയുടെ പിന്നിൽ പ്രവർത്തിച്ച ശൈലജാ ചാറ്റർജിയുടെ കൈകളെ പ്രത്യേകം വാഴ്ത്താതെ വയ്യ. നഗരത്തിന്റെ ജീവൻ ശരിക്കും ആവാഹിച്ചെടുക്കാൻ അദ്ദേഹത്തിന്റെ ക്യാമറയ്ക്കു കഴിഞ്ഞിരിക്കുന്നു.